# നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൃപ നിങ്ങൾക്ക് അറിയാമല്ലോ. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്രനായി– തന്റെ ദാരിദ്യത്താൽ നിങ്ങൾ സമ്പന്നരാകാൻവേണ്ടിത്തന്നെ

(2 കൊറി. 8:9)



## വിചിന്തനം:

ലോകം ആദ്യമായി യേശുവിനെ കാണുന്നത്, സത്രത്തിൽ തങ്ങൾക്കു സ്ഥലം ലഭിക്കാത്തതുമൂലം  ബേത്‌ലെഹെമിലെ കാലിത്തൊഴുത്തിൽ മറിയത്തിന്റെ കൈകളിൽ ശാന്തമായി കിടക്കുമ്പോഴാണ്. മറിയവും ജോസഫും സ്വാധീനമുള്ള ആളുകളായിരുന്നില്ല. സ്വാധീനമുള്ളവർക്കാണല്ലോ വാതിലുകൾ തുറന്നു കിട്ടുന്നത്. യേശുവിന്റെ മാതാപിതാക്കളാവട്ടെ, മുഖസ്തുതികൊണ്ടോ, വാക്സാമർത്ഥ്യംകൊണ്ടോ തങ്ങൾക്കാവശ്യമുള്ളതെല്ലാം കൈയടക്കുന്ന ഗണത്തിൽപ്പെട്ടവരുമായിരുന്നില്ല. തിരുക്കുടുംബം ഒരു ദരിദ്ര കുടുംബമായിരുന്നു. ക്ളേശങ്ങൾ നിറഞ്ഞ ദരിദ്ര കുടുംബത്തിലേക്കാണ് യേശു പിറന്നത്. ലോകത്തിലേക്കു വരുന്നതിനുമുമ്പ് സാധ്യതകളുടെ സമൃദ്ധി ഉണ്ടായിരുന്നിട്ടും ദൈവപുത്രൻ പാവപ്പെട്ടവനായി ജനിക്കാനാണ് തീരുമാനമെടുത്തത്. “പിള്ളക്കച്ചകൊണ്ട് പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന അവന്റെ ദാരിദ്ര്യം കണ്ടാലും! വിസ്മയനീയമായ വിനയം; അതിശയകരമായ ദാരിദ്ര്യം!” എന്നാണ് വിശുദ്ധ ക്ളാര ഉദ്ഘോഷിച്ചത്. “കുറുനരികൾക്കു മാളങ്ങളും ആകാശത്തിലെ പക്ഷികൾക്കു കൂടുകളും ഉണ്ട്; മനുഷ്യപുത്രനു തലചായ്ക്കാൻ ഇടമില്ല” എന്ന് ലൂക്ക 9:58 വിശദീകരിക്കുമ്പോഴും അവിടന്നു ജീവിതകാലം മുഴുവൻ അത്തരം ലാളിത്യത്തിൽ ആണ് ജീവിച്ചത്.

ഭൂമിയിലെ തന്റെ ദൗത്യം  നിർവചിക്കാൻ അവിടന്ന് ഏശയ്യയുടെ ഒരു പ്രവചനം ഉപയോഗിക്കുന്നു. “കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു.” സമ്പന്നരായതിനാലും, തികച്ചും മതനിഷ്ഠ പുലർത്തുന്നവരും നീതിമാൻമാരും ആണെന്നു സ്വയം കരുതിയിരുന്നതിനാലും, തങ്ങൾക്കാവശ്യമുള്ളതെല്ലാം ഉണ്ട് എന്നു ധരിച്ചിരുന്നവർക്കു നല്കാൻ അവിടത്തേക്ക് ഒന്നുമില്ലായിരുന്നു. എന്നാൽ പീഡയനുഭവിക്കുന്നവർക്കും, തങ്ങളുടെ പാപങ്ങളെകുറിച്ച് സങ്കടപ്പെടുന്നവർക്കും, സമൂഹത്തിൽനിന്നു പുറന്തള്ളപ്പെട്ടവർക്കും, തങ്ങളുടെ ഇല്ലായ്മയിൽ ദൈവത്തെ വിളിച്ചപേക്ഷിച്ചവർക്കും അവിടന്ന് സമീപസ്ഥനായിരുന്നു. “ആരോഗ്യമുള്ളവർക്കല്ല, രോഗികൾക്കാണു വൈദ്യനെക്കൊണ്ട് ആവശ്യം.” (മർ. 2:17) എന്ന് അവിടന്നു പഠിപ്പിച്ചു. ക്രിസ്തു ദാരിദ്ര്യത്തെ ആശ്ളേഷിച്ചത് ലോകത്തിലെ ദരിദ്രരോട് ഒന്നായിച്ചേരാനും, അതിലൂടെ ദൈവമഹത്വം  വെളിപ്പെടുത്താനുമായിരുന്നു.

ഒടുവിൽ കുരിശിൽ ഉയിർത്തപ്പെടുമ്പോഴാണ് അവിടത്തെ ദാരിദ്ര്യം പൂർണതയിൽ നാം ദർശിക്കുക. അവിടന്നു കുറ്റവാളികളോടുകൂടി എണ്ണപ്പെട്ടു, ശപിക്കപ്പെട്ടവനായി കരുതപ്പെട്ടു. അവിടന്നു സർവരാലും പരിത്യജിക്കപ്പെട്ടു; വെറുക്കപ്പെട്ടു; എങ്കിലും അവിടന്നു വിനീതനായി എല്ലാം സഹിച്ചു. തന്റെമേൽ തുപ്പിയപ്പോഴും അവിടന്ന് തന്റെ ദാരിദ്ര്യാരൂപിയെ തള്ളിപ്പറഞ്ഞില്ല. “നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്നിറങ്ങി വരുക” (മത്തായി 27:40) എന്നു പറഞ്ഞു പരിഹസിച്ചപ്പോഴും അതിനെ എതിർക്കുവാൻ തീർത്തും പാവപ്പെട്ട ഒരുവനെപ്പോലെ, അവിടന്നും വലിയ കരുത്ത് ഉപയോഗിച്ചില്ല. തന്റെ ശത്രുക്കളെ ലജ്ജിപ്പിക്കാനോ തന്റെ മോചനം ആവശ്യപ്പെട്ടോ അവിടന്ന് കുരിശിൽ വികാരോജ്ജ്വലമായ പ്രസംഗം നടത്തിയില്ല. മറിച്ച്, ഒരു പാവപ്പെട്ട സഹനദാസനെപ്പോലെ അവിടന്ന് ദൈവത്തെ വിളിച്ചപേക്ഷിച്ചു. എന്തെന്നാൽ ദൈവം എളിയവരുടെ നിലവിളി കേൾക്കുമെന്ന് അവൻ അറിഞ്ഞിരുന്നു. (ഹെബ്ര 5:7, സങ്കീ.34). കഥയിലെ വീരനായകനിൽനിന്ന് നാം പ്രതീക്ഷിക്കുന്നതുപോലെ, ജീവിതത്തിന്റെ അന്ത്യനിമിഷങ്ങളിൽ, തന്റെ ദിവ്യശക്തി ഉപയോഗിച്ച് കുരിശു തകർത്ത് യേശു സ്വയം രക്ഷിച്ചില്ല. പ്രത്യുത, അവിടന്ന് തന്റെ ആത്മാവിനെ സമർപ്പിച്ചു; നമുക്കുവേണ്ടി തന്നെത്തന്നെ ശൂന്യനാക്കി, മരിച്ചു. യേശുവിന് അഭിമുഖമായി നിന്നിരുന്ന, ഭൗമികമായ അധികാരം നിക്ഷിപ്തമായിട്ടുള്ള ശതാധിപനെ ഈ പരിശുദ്ധമായ കാഴ്ച ആഴത്തിൽ സ്പർശിച്ചു. എളിമ ഇത്രമാത്രം പ്രഭ ചൊരിയുന്നത് അയാൾ ഒരിക്കലും കണ്ടിട്ടില്ല; വിനയം ഇത്രയേറെ ദിവ്യമായി പ്രകടമാകുന്നതും അയാൾക്ക് ആദ്യാനുഭവമായിരുന്നു. മഹാദാരിദ്ര്യത്തെയും വിനയത്തെയും നോക്കി, “സത്യമായും, ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു” (മർ. 15:39) എന്ന് ശതാധിപൻ ഏറ്റുപറഞ്ഞു.

ക്രിസ്തുവിന്റെ ദാരിദ്ര്യത്തെയും അവിടത്തെ കുരിശിനെയും ഭയഭക്തി ബഹുമാനത്തോടെയും ആരാധനയോടെയും നമുക്കു നോക്കാം: “എത്ര വിസ്മയനീയമായ വിനയം; അത്ഭുതകരമായ ദാരിദ്യം” എന്ന് ഹൃദയംഗമമായി പറയാം. യേശുവിന്റെ പരിശുദ്ധ ദാരിദ്ര്യത്തിലും എളിയവരോടുമുള്ള  സ്നേഹത്തിലും അവിടത്തെ അനുകരിക്കാൻ കർത്താവിന്റെ ആത്മാവ് നമ്മെ പ്രചോദിപ്പിക്കട്ടെ.

## വിശുദ്ധന്റെ മൊഴി:

പിതാവിന്റെ അമൂല്യവും പവിത്രവും മഹത്വപൂർണവുമായ ഈ വചനം നമ്മുടെ മാനവരാശിയുടെയും നശ്വരതയുടെയും യഥാർത്ഥ രൂപം ധരിച്ചു. സകലത്തിനുമുപരിയായി സമ്പന്നനായിരുന്നെങ്കിലും തന്റെ ഏറ്റം അനുഗൃഹീതയായ മാതാവിനോടൊത്തു ദാരിദ്യം പുൽകാൻ തിരുമനസായി. – അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ്.

**സത്ക്രിയ:** ഓരോ ദിവസവും കുറച്ചു സമയമെങ്കിലും കുരിശിലെ യേശുവിന് അഭിമുഖമായി നിലകൊള്ളുക; അവിടത്തെ ദാരിദ്ര്യത്തിന്റെയും വിനയത്തിന്റെയും മനോഭാവം എപ്രകാരം സ്വന്തമാക്കാൻ കഴിയുമെന്നു ധ്യാനിക്കുക.

*Prepared by the Jesus Youth International Formation Team. Email: formation@jesusyouth.org*